ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പള ഇനത്തിലും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ്ജ് ഇനത്തിലും ചെലവഴിക്കപ്പെട്ട തുക അനുബന്ധം-എ* ആയി ചേർക്കുന്നു.

(ബി) 2014-15 സാമ്പത്തിക വർഷംമാത്രം ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം-ബി ആയി ചേർക്കുന്നു*.

മന്ത്രിമാരുടെ വിദേശ യാത്ര

49(50) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ട് എന്നും ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

(ബി) ഇവരെ അനുഗമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഒഴികെയുള്ള എല്ലാ മന്ത്രിമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) മന്ത്രിമാർ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയിട്ടുള്ള ഔദ്യോഗിക വിദേശ യാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. അന്തിമ മറുപടി ശേഖരിച്ചുനൽകുന്നതാണ്.

സംസ്ഥാനത്തിന് ലഭിച്ച അവാർഡുകൾ

50 (51) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന് കിട്ടിക്കൊണ്ടിരുന്ന ചില അവാർഡുകളെ മുൻനിർത്തി അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ ഉന്നയിക്കപ്പെടുന്നു എന്ന അരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ചിരുന്നോ ; എങ്കിൽ, എപ്പോൾ ആദ്യമായി പ്രസ്തുത അവാർഡ് ലഭിക്കുന്നത് ഏത് വർഷം ; ഏതൊക്കെ മേഖലകളിൽ ; വിശദമാക്കാമോ ;

(സി) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് ലഭിച്ചുവെങ്കിൽ ഇക്കാര്യം മറച്ചുവച്ച് ഈ അവാർഡ് സംസ്ഥാനത്തിന് ആദ്യമായി ഇപ്പോൾ ലഭിച്ചുവെന്ന നിലയിൽ പ്രചരണം നടത്തപ്പെട്ടുന്നു എന്ന അരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് ഏതെല്ലാം മേഖലകൾക്കാണ് നൽകുന്നത് ;

(ഇ) സംസ്ഥാനം ഈ അവാർഡിന് അർഹമായിട്ടുണ്ടോ ; ഏതൊക്കെ വർഷങ്ങളിൽ, ഏതെല്ലാം മേഖലകൾക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ വിവരസാങ്കേതിക മേഖലയിലെ വിവിധ ഇ-ഗവേണൻസ് വിഭാഗങ്ങൾക്ക് സി.എസ്.ഐ. നിഹിലന്റ് അവാർഡ് ലഭിച്ചിട്ടുണ്ട്. 2006-07-ൽ ഇ-ഗവേണൻസ് പ്രോഗ്രസ്സീവ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ-ഗവേണൻസ് വിഭാഗത്തിൽ CAPNIC എന്ന പദ്ധതിക്കും 2007-08-ൽ പ്രോഗ്രസ്സീവ് ഇ-ഗവേണൻസ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് e-collectorate വിഭാഗത്തിൽ പാലക്കാട് ഡിസ്ട്രിക്ട് കളക്ടറേറ്റിനും അവാർഡ് ലഭിച്ചിട്ടുണ്ട്. 2008-09-ൽ കണ്ണൂർ ജില്ലക്ക് ഇ-ഗവേണൻസ് Appreciation അവാർഡും Award of excellence വിഭാഗത്തിൽ hs-CAPNIC എന്ന പദ്ധതിക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ഇ-കൃഷി എന്ന പദ്ധതിക്ക് Award of Excellence ലഭിച്ചിട്ടുണ്ട്. 2009-10, 2010-11 എന്നീ വർഷങ്ങളിൽ e-Tax Administration Programme-നും സി.എസ്.ഐ. അവാർഡ് ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഒരു സംസ്ഥാനത്തിന്റെ മാനവ വിഭവ സാമൂഹിക വികസനത്തിന്റെ മാനദണ്ഡങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, ശുദ്ധജല വിതരണം, സ്ത്രീ ശാക്തീകരണം, പൗര സുരക്ഷയും നീതിയും അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലെ നേട്ടങ്ങൾക്കാണ് ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് നൽകുന്നത്. സംസ്ഥാനത്തിന് ഈ അവാർഡ് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലയിലെ നേട്ടങ്ങൾക്കാണ് സംസ്ഥാനത്തിന് ഈ അവാർഡ് ലഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly